**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3321** **13-07-2022 - ൽ മറുപടിയ്ക്ക്**

**കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കുള്ള ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കുള്ള അമ്പതിനായിരം രൂപയുടെ ധനസഹായത്തിന് അപേക്ഷിച്ചവരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ നൽകാമോ; | (എ) | സംസ്ഥാനത്ത് കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കുള്ള അമ്പതിനായിരം രൂപയുടെ ധനസഹായത്തിന് അപേക്ഷിച്ചവരുടെ ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു. |
| (ബി) | മലപ്പുറം ജില്ലയിൽ പ്രസ്തുത ധനസഹായത്തിന് അപേക്ഷിച്ചവരുടെ എണ്ണം വ്യക്തമാക്കാമോ; ഇതിൽ എത്ര പേർക്ക് സഹായം നൽകി; വിശദാംശം നൽകുമോ; | (ബി) | മലപ്പുറം ജില്ലയിൽ 04.07.2022 വരെ ആകെ 6400 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ആയതിൽ 5819 പേർക്ക് ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. 31.03.2022 തിയ്യതിയിലെ സ.ഉ.(സാധാ)നം. 311/2022/ഡിഎംഡി ഉത്തരവ് പ്രകാരം 20.03.2022 ന് മുമ്പ് സംഭവിച്ച കോവിഡ് മരണങ്ങൾക്ക് ധനസഹായത്തിന് അപേക്ഷിക്കാനുള്ള സമയ പരിധി 24.03.2022 മുതൽ 60 ദിവസവും 20.03.2022 ശേഷം സംഭവിച്ച കോവിഡ് മരണങ്ങൾക്ക് അപേക്ഷിക്കാനുള്ള സമയപരിധി മരണ തീയതി മുതൽ 90 ദിവസവും ആയി നിജപ്പെടുത്തിയിരുന്നു. മേൽ പറഞ്ഞ കാലയളവിന് ശേഷം അപേക്ഷ സമർപ്പിക്കുന്ന സാഹചര്യമുണ്ടായാൽ അവർക്ക് 'ഗ്രീവൻസ് റിഡ്രസൽ കമ്മിറ്റി' യെ സമീപിക്കാമെന്നും ടി കമ്മിറ്റി അപേക്ഷ പരിശോധിച്ച് തുക അനുവദിക്കാവുന്നതാണെന്ന് ബോധ്യപ്പെടുന്ന പക്ഷം തീരുമാനമെടുക്കാവുന്നതാണെന്നും ഉത്തരവായിരുന്നു. ആകെ ലഭിച്ച 6400 അപേക്ഷകളിൽ ധനസഹായം അനുവദിച്ചിട്ടില്ലാത്ത 581 അപേക്ഷകളിൽ 253 എണ്ണം ഗ്രീവൻസ് റിഡ്രസൽ കമ്മിറ്റി മുമ്പാകെ പരിഗണനയിലുള്ളതും ശേഷിക്കുന്ന അപേക്ഷകൾ വിവിധ കാരണങ്ങളാൽ നിരസിച്ചവയുമാണ് . കമ്മിറ്റിയുടെ പരിഗണനയിലുള്ള അപേക്ഷകൾ പരിശോധിച്ച് നടപടി സ്വീകരിച്ച് വരുന്നുണ്ട്. ആകെ 5819 അപേക്ഷകൾക്കായി 29,09,50,000/- രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കോവിഡ് ബാധിച്ച് മരണപ്പെട്ട മുൻഗണന വിഭാഗത്തിൽപ്പെട്ട കുടുംബനാഥന്മാരുടെ ആശ്രിതർക്ക് മൂന്ന് വർഷത്തേക്ക് പ്രതിമാസം അയ്യായിരം രൂപ ധനസഹായം നൽകുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) | കോവിഡ് ബാധിച്ച് മരണപ്പെട്ട മുൻഗണന വിഭാഗത്തിൽപ്പെട്ട കുടുംബനാഥന്മാരുടെ ആശ്രിതർക്ക് മൂന്ന് വർഷത്തേക്ക് പ്രതിമാസം അയ്യായിരം രൂപ ധനസഹായം നൽകുമെന്ന പ്രഖ്യാപനം നടപ്പിലാക്കി വരുന്നു. |
| (ഡി) | പ്രസ്തുത പദ്ധതിക്ക് അപേക്ഷിച്ച ആർക്കും ധനസഹായം നൽകിയിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ധനസഹായം നൽകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.സംസ്ഥാനത്ത് കോവിഡ് ബാധിച്ചു മരണപ്പെട്ട ബി.പി.എൽ കുടുംബത്തിലുൾപ്പെട്ടവരുടെ ആശ്രിതർക്ക് ധനസഹായം അനുവദിക്കുന്നതിനായി 2,30,70,000/-(രണ്ടു കോടി മുപ്പതു ലക്ഷത്തി എഴുപതിനായിരം രൂപ) അനുവദിച്ചു നൽകിയിട്ടുണ്ട്. അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് അർഹത പരിശോധിച്ച് ധനസഹായം വിതരണം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

| **ജില്ല** | **കോവിഡ് എക്സ് ഗ്രേഷ്യാ ധനസഹായത്തിനായി ലഭിച്ച അപേക്ഷകൾ** |
|---|---|
| തിരുവനന്തപുരം | 7923 |
| കൊല്ലം | 6410 |
| പത്തനംതിട്ട | 2440 |
| ആലപ്പുഴ | 4846 |
| കോട്ടയം | 4450 |
| ഇടുക്കി | 1460 |
| എറണാകുളം | 7507 |
| തൃശ്ശൂർ | 6999 |
| പാലക്കാട് | 5600 |
| മലപ്പുറം | 6400 |
| കോഴിക്കോട് | 5940 |
| വയനാട് | 882 |
| കണ്ണൂർ | 4394 |
| കാസർഗോഡ് | 1540 |